"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ (RKI) വകുപ്പ്- പ്രകൃതി ദുരന്തങ്ങളാൽ ആവർത്തിച്ച് സംഭവിക്കുന്ന നാശനഷ്ടങ്ങളിൽ നിന്ന് സാമ്പത്തികസുരക്ഷ നൽകുന്നതിനായി സംസ്ഥാനത്ത് ഒരു സമഗ്ര ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (RKI) വകുപ്പ്**

സ.ഉ.(കൈ) നം.**6/2026/P&EA** തീയതി,തിരുവനന്തപുരം, **26-02-2026**

---

പരാമർശം:-
1. **09-11-2018**-ലെ സ.ഉ.(അ)നം.**16/2018/P&EA** നമ്പർ സർക്കാർ ഉത്തരവ്.
2. **17-02-2021**-ലെ സ.ഉ.(സാധാ)നം.**218/2021/DMD** നമ്പർ സർക്കാർ ഉത്തരവ്.
3. **20-02-2021**-ലെ സ.ഉ.(സാധാ)നം.**256/2021/DMD** നമ്പർ സർക്കാർ ഉത്തരവ്.
4. **11-07-2024**-ലെ സ.ഉ.(സാധാ)നം.**5471/2024/FIN** നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

കാലാവസ്ഥാ മാറ്റങ്ങൾ മൂലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ ആവർത്തനവും തീവ്രതയും കേരളത്തിൽ വളരെ ഉയർന്ന നിലയിലാണ്. സംസ്ഥാനത്തിന്റെ സവിശേഷമായ ഭൂപ്രകൃതി ദുരന്തങ്ങളുടെ ആക്കം കൂട്ടുന്നു. കടൽത്തീരവുമായി ബന്ധപ്പെട്ട താഴ്ന്ന പ്രദേശങ്ങൾ കടൽക്ഷോഭത്തിനും കടലേറ്റത്തിനും നിരന്തരം വിധേയമാകുമ്പോൾ ഇടനാട്-മലനാട് (**Midland-Highland**) ഭാഗങ്ങൾ അതിശക്തമായ മഴമൂലമുണ്ടാകുന്ന വെള്ളപ്പൊക്കവും മണ്ണിടിച്ചിലും നേരിടുന്നു. പരിസ്ഥിതികമായ നാശനഷ്ടങ്ങൾക്കൊപ്പം ഈ പ്രകൃതി ദുരന്തങ്ങൾ ജീവനും ജീവനോപാധികൾക്കും വലിയ നഷ്ടങ്ങൾ ഉണ്ടാക്കുന്നു. പ്രകൃതി ദുരന്തങ്ങൾ മൂലം സംസ്ഥാനത്തിന്റെയും പൗരന്മാരുടെയും ഭൗതിക സ്വത്തുക്കൾക്കും വൻനാശം സംഭവിക്കുന്ന സ്ഥിതി ഉണ്ട്. അടിയന്തര രക്ഷാപ്രവർത്തനം, സഹായം, പുനരധിവാസം പുനർനിർമ്മാണം എന്നിവക്കായി വലിയ തുക നിരന്തരം ചെലവാക്കേണ്ടി വരുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തികഭദ്രതയെ ബാധിക്കുന്നു.

**2.** പ്രകൃതി ദുരന്തങ്ങളാൽ ആവർത്തിച്ച് സംഭവിക്കുന്ന നാശനഷ്ടങ്ങളിൽ നിന്ന് സാമ്പത്തികസുരക്ഷ ഉറപ്പാക്കുക എന്നതുൾപ്പെടെയുള്ള ലക്ഷ്യംമുന്നിൽ

കണ്ടുകൊണ്ട് സംസ്ഥാനത്തിന് അനുയോജ്യമായ ഒരു റിസ്ക് ട്രാൻസ്ഫർ മെക്കാനിസം രൂപപ്പെടുത്തുന്നതിന് പഠനം നടത്താൻ പരാമർശം 2,3 ഉത്തരവുകൾ പ്രകാരം ആസൂത്രണ ബോർഡ് അംഗമായ ഡോ.കെ.രവിരാമന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും കമ്മിറ്റി വിശദമായ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു.

**3.** കൂടാതെ, പ്രകൃതി ദുരന്തങ്ങൾ മൂലം സംസ്ഥാനം അഭിമുഖീകരിക്കേണ്ടി വരുന്ന ആകസ്മിക സാമ്പത്തിക ബാധ്യതകളെ അടിസ്ഥാനമാക്കി സാമ്പത്തികമായ അതിജീവനക്ഷമത ഉറപ്പു വരുത്താനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേന ഒരു പഠനം നടത്തുകയും ചെയ്തിരുന്നു.

**4.** പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, സർക്കാരിന്റെ അടിസ്ഥാന സൗകര്യ മേഖലയും വ്യക്തികളുടെ പാർപ്പിടങ്ങളും കേന്ദ്രീകരിച്ച് ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകാനിടയുള്ള ആകസ്മിക സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കാനാകും വിധം സംസ്ഥാനത്തിന്റെ സാമ്പത്തിക സന്നദ്ധത ഉറപ്പാക്കുന്നതിനുള്ള സംസ്ഥാന ഡിസാസ്റ്റർ റിസ്ക് ഫിനാൻസിംഗ് ആൻഡ് ഇൻഷുറൻസ് (DRFI)-നുള്ള സ്ഥാപനപരമായ ചട്ടക്കൂടിന് പരാമർശം 4 പ്രകാരം രൂപം നൽകുകയും ചെയ്തിരുന്നു.

**5.** ഇതിനു തുടർച്ചയായി, പ്രകൃതി ദുരന്തങ്ങളാൽ ആവർത്തിച്ച് സംഭവിക്കുന്ന നാശനഷ്ടങ്ങളിൽ നിന്ന് സാമ്പത്തികസുരക്ഷ നൽകുന്നതിനായി പാരാമെടിക് ഇൻഷുറൻസ് (Parametric Insurance), ദാരിദ്ര്യരേഖക്കു താഴെയുള്ള (Below Poverty Line) കുടുംബങ്ങൾക്കായി ഇൻഡെംനിറ്റി ഇൻഷുറൻസ് (Indemnity Insurance) എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്ര ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി സർക്കാർ വിഭാവനം ചെയ്തു. നിർദ്ദിഷ്ട പദ്ധതിയുടെ ഏകദേശ രൂപം താഴെ പറയും പ്രകാരമാണ്.

**I. ഇൻഷുറൻസ് മാതൃക:**

**(i) <u>പാരാമെടിക് ഇൻഷുറൻസ് (Parametric Insurance)</u>**

- ഒരു നിശ്ചിത പ്രദേശത്ത്, നിശ്ചയിച്ചിട്ടുള്ള പരിധിയേക്കാൾ തീവ്രമായ പ്രകൃതിക്ഷോഭങ്ങൾ (മഴ, വെള്ളപ്പൊക്കം, കാറ്റിന്റെ വേഗം തുടങ്ങിയവ) ഉണ്ടാകുന്ന പക്ഷം, സർക്കാരിന് ഉടനടി നഷ്ടപരിഹാരം ലഭിക്കും.

- ഇപ്രകാരം സർക്കാരിന് ലഭിക്കുന്ന തുക ദുരിതാശ്വാസം, പുനരധിവാസം, പുനർനിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി, നിർവചിക്കപ്പെട്ട Standard Operating Procedure (SOP) പ്രകാരം, സർക്കാർ വിനിയോഗിക്കും.

- കവറേജ്: സംസ്ഥാനം ഒരു ദശാബ്ദമായി പ്രകൃതി ദുരിതാശ്വാസത്തിനു മുടക്കിയ ആകെത്തുകയുടെ ശരാശരി.

**(ii) ഇൻഡെംനിറ്റി ഇൻഷുറൻസ് (Indemnity Insurance) (BPL വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മാത്രം)**

- പ്രകൃതി ദുരന്തങ്ങൾ മൂലം നാശനഷ്ടങ്ങൾ ഉണ്ടായാൽ ആ പ്രദേശത്തെ ബിപിഎൽ കുടുംബങ്ങളുടെ വീട് ഉടമയ്ക്ക്, അപ്രകാരം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ വിലയിരുത്തിയതിന് ശേഷം, അർഹമായ നഷ്ടപരിഹാരം ലഭിക്കും.

- വീടിന്റെ നിലവിലെ അവസ്ഥ (തറ വിസ്തീർണ്ണം, നിർമ്മാണ രീതി, കാലപ്പഴക്കം മതിപ്പ് വില, തുടങ്ങിയവ), ഗൃഹോപകരണങ്ങൾ കുടുംബാംഗങ്ങളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുകയും കമ്പനി ആവശ്യമെങ്കിൽ റാൻഡം പരിശോധന നടത്തി ബോധ്യപ്പെടുകയും ചെയ്യുന്നു.

- വീടിനുണ്ടാകുന്ന നാശനഷ്ടങ്ങൾ, ഗൃഹോപകരണങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ, അറ്റകുറ്റ പണി പൂർത്തിയാകും വരെ വാടക സഹായം എന്നിവ ഉൾപ്പെടെ യഥാർത്ഥ നഷ്ടം പരിഹരിക്കും.

- ഒരു വീടിന് ഇൻഷുറൻസ് പരിരക്ഷ - 10 ലക്ഷം രൂപ വരെ.

- ദുരന്ത ഇൻഷുറൻസ് കമ്പനി സർവേയും സർക്കാർ സ്ഥിരീകരണവും (ഫോട്ടോ, ജിയോ-ടാഗിംഗ്) നടത്തിയ ശേഷം നേരിട്ട് വീടുടമയ്ക്ക് നഷ്ടപരിഹാര തുക ലഭിക്കും.

- ഗുണഭോക്താക്കൾ: ബിപിഎൽ കുടുംബങ്ങൾ, (മറ്റ് ദുർബല വിഭാഗങ്ങളെയും ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്).

- ഭാവിയിൽ: ബിപിഎൽ ഇതര കടുംബങ്ങൾക്കും നിർബന്ധിത ഇൻഷുറൻസ് (പ്രോപ്പർട്ടി രജിസ്ട്രേഷൻ/ബിൽഡിംഗ് പെർമിറ്റ് എന്നിവയുമായി ബന്ധിപ്പിച്ച്) പരിഗണിക്കാവുന്നതാണ്.

II. **പദ്ധതി നിർവ്വഹണം:** സംസ്ഥാന ഇൻഷുറൻസ് വകുപ്പ്.

III. **സാമ്പത്തിക ബാധ്യത :** ഏകദേശം ₹120.75 കോടി വാർഷിക ചെലവ്.

IV. **സാമ്പത്തിക സ്രോതസ്സ്:** സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF)-യിൽ നിന്നും 1:1 എന്ന

അനുപാതത്തിൽ.

**6.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവു പുറപ്പെടുവിക്കുന്നു.

i. പ്രകൃതി ദുരന്തങ്ങളാൽ ആവർത്തിച്ച് സംഭവിക്കുന്ന നാശനഷ്ടങ്ങളിൽ നിന്ന് സാമ്പത്തികസുരക്ഷ നൽകുന്നതിനായി, മേൽ ഖണ്ഡിക 5-ൽ വിശദമാക്കിയതിൻപ്രകാരം, സ്റ്റേറ്റ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി **(CMDRF)**-യിൽ നിന്നും **1:1** എന്ന അനുപാതത്തിൽ തുക കണ്ടെത്തി, പരാമെട്രിക് ഇൻഷുറൻസ്, ഇൻഡെംനിറ്റി ഇൻഷുറൻസ് **(BPL** വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മാത്രം) എന്നീ പരസ്പര പൂരകങ്ങളായ ഇൻഷുറൻസ് മാതൃകകൾ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഒരു സമഗ്ര ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുന്നു.

ii. ധനകാര്യ വകുപ്പ്, റവന്യു വകുപ്പ്, ദുരന്തനിവാരണ വകുപ്പ്, കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുതലായ ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായി കൂടിയാലോചിച്ച് പദ്ധതിയുടെ വിശദരൂപരേഖ (ദുരന്തത്തിന്റെ മാനദണ്ഡങ്ങളുടെയും പരിധികളുടെയും നിർവചനവും സാധൂകരണവും, പ്രേരക സൂചകങ്ങളുടെ സ്ഥിരീകരണം, ഗുണഭോക്തൃ പരിശോധന, ഇൻഷുറൻസ് നഷ്ടപരിഹാര വിതരണ സംവിധാനം, വിതരണം ചെയ്ത തുകയുടെ വിനിയോഗം, സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമ**(SOP)**ങ്ങളുടെ രൂപീകരണം, ഓഡിറ്റ്-ഉത്തരവാദിത്ത സംവിധാനങ്ങൾ, നിയമ സാധുത ഉറപ്പുവരുത്തൽ എന്നിവയുൾപ്പെടെ) തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതിനായി സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

iii. പദ്ധതിയുടെ ആവശ്യത്തിനായി, നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി **(CMDRF)**-യിൽ നിന്ന് തുക കണ്ടെത്തി വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**7.** പദ്ധതിയുടെ വിശദരൂപരേഖ തയ്യാറാക്കി പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്

ഡയറക്ടർ, സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി
ധനകാര്യ വകുപ്പ്
റവന്യു വകുപ്പ്
ദുരന്തനിവാരണ വകുപ്പ്
പൊതുഭരണ (എസ്.സി.) വകുപ്പ് (24-02-2026-ലെ മന്ത്രിസഭാ യോഗത്തിന്റെ ഇനം നമ്പർ 3733-ന്മേലുള്ള തീരുമാനപ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം.RKI1/81/2025-PLGEA).

ഉത്തരവിൻ പ്രകാരം

Digitally signed by Nagin N
Date: 2026.02.26 23:58:44
+05'30'

സെക്ഷൻ ഓഫീസർ

**Translation of G.O.(Ms) No.6/2026/P&EA dated 26-02-2026**

**Planning & Economic Affairs (RKI) Department**

G.O.(Ms) No.6/2026/P&EA dated 26-02-2026

References:

1. Government Order G.O.(Rt) No.16/2018/P&EA dated 09-11-2018.
2. Government Order G.O.(Rt) No.218/2021/DMD dated 17-02-2021.
3. Government Order G.O.(Rt) No.256/2021/DMD dated 20-02-2021.
4. Government Order G.O.(Rt) No.5471/2024/FIN dated 11-07-2024.

**Order**

The frequency and intensity of natural disasters caused by climate change are very high in Kerala. The State's unique geography amplifies disaster risks. Coastal low-lying areas are repeatedly affected by sea surges and coastal flooding, while midland and highland regions face floods and landslides due to heavy rainfall. Alongside environmental damage, these disasters cause major losses to lives and livelihoods. Physical assets of both the State and its citizens suffer extensive damage. Large sums are continuously spent on emergency rescue, relief, rehabilitation, and reconstruction, affecting the State's financial stability.

2. With the objective of ensuring financial security against recurring disaster losses, a committee led by Dr. K. Raviraman, Member of the Planning Board, was constituted under references 2 and 3 to design a suitable risk transfer mechanism. The committee submitted a detailed study report to the Government.

3. Additionally, a study was conducted through the Rebuild Kerala Initiative to design measures ensuring financial resilience against sudden fiscal liabilities arising from disasters.

4. Based on these reports, an institutional framework for State Disaster Risk Financing and Insurance (DRFI) was established under reference 4, focusing on infrastructure and housing to ensure preparedness for future disaster-related financial liabilities.

5. Subsequently, the Government envisaged a comprehensive group insurance scheme including Parametric Insurance and Indemnity Insurance for Below Poverty Line (BPL) families. The broad outline of the scheme is as follows:

I. Insurance Models

(i) Parametric Insurance

• If a natural hazard (rain, flood, wind speed, etc.) exceeds a defined threshold in a specified area, the Government will immediately receive compensation.

• The funds will be used for relief, rehabilitation, and reconstruction as per defined Standard Operating Procedures (SOP).

• Coverage: Average of total disaster relief expenditure incurred by the State over the past decade.

(ii) Indemnity Insurance (for BPL families only)

• In case of disaster-related damage, compensation will be provided to BPL households after assessment.
• Data on house condition (floor area, construction type, age, valuation, etc.), household items, and family size will be collected by local self-government institutions. Random verification may be conducted by the insurance company.
• Coverage includes damage to houses, household items, rental assistance until repairs are completed.
• Insurance coverage per house: up to ₹10 lakh.
• Compensation will be paid directly to the homeowner after survey and government verification (photos, geo-tagging).
• Beneficiaries: BPL families (other vulnerable groups may also be considered).
• Future: Mandatory insurance for non-BPL families may be considered, linked to property registration/building permits.

II. Implementation

• State Insurance Department.

III. Financial Liability

• Approximately ₹120.75 crore annually.

IV. Funding Source

• From the State Consolidated Fund and Chief Minister's Disaster Relief Fund (CMDRF) in 1:1 ratio.

6. After detailed examination, Government orders as follows:

i. In principle approval is granted for implementing a comprehensive group insurance scheme as detailed in para 5, funded equally from the State Consolidated Fund and CMDRF, incorporating Parametric Insurance and Indemnity Insurance (for BPL families).

ii The State Insurance Department is entrusted with preparing the detailed scheme framework in consultation with Finance, Revenue, Disaster Management Department, Kerala State Disaster Management Authority, Rebuild Kerala Initiative, and other agencies. This includes defining disaster thresholds, validating triggers, beneficiary verification, compensation distribution mechanisms, SOP formulation, audit and accountability systems, and ensuring legal validity.

iii Permission is granted to relax existing norms to utilize CMDRF funds for this purpose.

7. The detailed framework must be prepared and immediate steps taken for implementation.

By order of the Governor
R. Jyothilal
Additional Chief Secretary